കേരള സർക്കാർ

# തുറവൂർ ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി$_4$)1246/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :21.07.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്ത് - 2016-17 ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും 3 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി$_4$)1246/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 21.07.2017

## എറണാകുളം ജില്ലയിലെ ഇറവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇറവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജയപ്രകാശ്.പി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.06.2017 മുതൽ 26.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മിനു.പി.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പോളി.ടി.ഒ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. കവിതാദേവി.വി | അസിസ്റ്ററന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.ഹരീഷ് ബാബു.എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സന്തോഷ് കുമാർ.എം | ഓഡിറ്റർ(ഹ.ഗ്രേഡ് ) |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.വൈ.വർഗീസ് | 01.04.2016 മുതൽ<br>31.03.2017 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീമതി. മാലതി കെ വി | 01.04.2016 മുതൽ<br>31.03.2017വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എ വി ഷാജൻ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.ലിജ ദിവാകരൻ | 01.04.2016 | 31.03.2017 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി റീന പിടി | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി പി രാജശ്രീ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.അനഘൻ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.മേഴ്സി ഗോൺസാൽവസ് | 01.04.2016 | 31.03.2017 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി അനപ്രിയ ആർ | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജ്ജൻ | ഡോ.സ്മിത പി കെ | 01.04.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ പി ആർ സജീവ് കുമാർ | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തുറവൂർ) | ശ്രീമതി ജോയ്സി കെ ജെ | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കിടങ്ങൂർ) | ശ്രീമതി സിമ്മി യു ബി | 01.04.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| | ഭാഗം 2 | |
| 12 | ഡി & ഒ ലൈസൻസ് -അപാകതകൾ | 2-1 |
| 13 | തൊഴിൽ നികുതി-അപാകതകൾ | 2-2 |
| 14 | ഷോപ്പിങ് കോംപ്ളക്സ് വാടക – അപാകതകൾ | 2-3 |

| | | |
|---|---|---|
| | ഭാഗം 3 | |
| 15 | പദ്ധതി നടത്തിപ്പിലെ അപാകത - ചെലവ് തുക ₹ 5,50,000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. | 3-1 |
| 16 | അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്ത അപേക്ഷകയ്ക്ക് സബ്സിഡി ആനുകൂല്യം നൽകി - ചെലവ് ₹17000/- തടസ്സപ്പെടുത്തുന്നു | 3-2 |
| 17 | അവശ്യരേഖകൾ ഇല്ലാതെ വീട് മെയിന്റനൻസിന് ധനസഹായം അനുവദിച്ചു - ₹10,086/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-3 |
| 18 | ടി.ഡി.എസ് കുറവു ചെയ്തിട്ടില്ല | 3-4 |
| 19 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - ചെലവ് തുകകൾ തടസ്സപ്പെടുത്തുന്നു | 3-5 |
| 20 | മരുന്ന് ലഭിച്ചിട്ടില്ല | 3-6 |
| 21 | ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കമ്പ്യൂട്ടറുകൾ,പ്രിന്ററുകൾ വാങ്ങി | 3-7 |
| 22 | ഗുണഭോക്തൃവിഹിതം കൂടുതൽ ഈടാക്കി | 3-8 |
| 23 | ലൈബ്രറിയ്ക്ക് വേണ്ടി വാങ്ങിയ ഫർണീച്ചർ-വിതരണം ചെയ്തിട്ടില്ല. | 3-9 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 34 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 35 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.02.2016-ലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

| ബജറ്റ് പ്രകാരം വരവ് | അക്കൗണ്ട്സ് പ്രകാരം വരവ് | ബജറ്റ് പ്രകാരം ചെലവ് | അക്കൗണ്ട്സ് പ്രകാരം ചെലവ് |
|---|---|---|---|
| 73,61,75,480 | 41812406.00 | 74,53,17,980 | 33657820.00 |

ബജറ്റിലെ പ്രതീക്ഷിത വരവ് ചെലവുകളും. യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വളരെയേറെ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 09.06.2017 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11655661.52 |
| വരവ് | 41812406.00 |
| ആകെ | 53468067.52 |
| ചെലവ് | 33657820.00 |
| നീക്കിയിരിപ്പ് | 19810247.52 |

## 1-4 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22,560 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 1636060 | 166 |
| വിധവാപെൻഷൻ | 9684110 | 825 |
| വാർദ്ധക്യകാലപെൻഷൻ | 17236370 | 1418 |
| വികലാംഗപെൻഷൻ | 2780075 | 254 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 694260 | 62 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 6944190 | 6944190 | 6944190 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 1878044 | 1878044 | 1878044 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 10086 | 10086 | 10086 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 2415525 | 2415525 | 2415525 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 2101273 | 2101273 | 2101273 | 0 |
| എൻ.ആർ.ഇ. ജി.എ. | 566 | 1026931 | 1027497 | 882837 | 144660 |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 623869 | 623869 | 623869 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3672499. | 3672499 | 3672499 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 112928730 | 66 | 22129752 | 26 | 31 | 53.67 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 53.55% കൂടുതൽ വരുമാനം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 48,12,124 | 1,00,27,188 | (+)5215064 | (+) 108.37 |
| നികുതിയേതര വരവുകൾ | 23,38,824 | 9,83,586 | (-)1355238 | (-) 57.94 |
| മറ്റുവരവുകൾ | 1,56,027 | 2,09,488 | (+)53461 | (+)34.26 |
| ആകെ | 73,06,975 | 11220262 | (+)39,13,287 | (+) 53.55 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2017-ന് 3 മണിക്ക് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10311/- രൂപയുടെ ക്യാഷ് ബാലൻസ് ബോദ്ധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിലെ വരവ് സംബന്ധമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ട രജിസ്റ്ററുകൾ

സൂക്ഷിക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്. രജിസ്റ്ററുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഖണ്ഡിക 2-1,2-2 എന്നിവ കാണുക. വൗച്ചറുകൾ മികച്ചരീതിയിൽ സൂക്ഷിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി താഴെ പറയും വിധം 3 അക്കൗണ്ട് നിലവിലുണ്ട്.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം. |
|---|---|
| തുറവൂർ സർവ്വീസ് സഹ.ബാങ്ക് | 3237 |
| SBT അങ്കമാലി | 63833043797 |
| എറണാകുളം ജില്ലാ സഹകരണബാങ്ക് | 003281000000001 |

തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി മൂന്ന് അക്കൗണ്ടുകൾ നിലനിർത്തുന്നത് ആശാസ്യമല്ല. ഇത് പരിമിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.2017 | 05/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.14 | 2009-10 to 2013-14 | 22.10.14 |

## 1-11 ഓഡിറ്റ് ഇംപാക്ട് - ഈടാക്കിയത് -10,000/- രൂപ

ഗ്രാമപഞ്ചായത്ത് 2016-17 വർഷം മഴക്കാലപൂർവ്വ ശുചീകരണത്തിനായി 10,000/-രൂപ വീതം 14 വാർഡുകൾക്കായി 1,40,000/- രൂപ നൽകിയിരുന്നു. എന്നാൽ 11-ാം വാർഡിന് നൽകിയ തുക ചെലവഴിച്ചിരുന്നില്ല. ഈ 10,000/-രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് താഴെ പറയും പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| ഇനം/പ്രവൃത്തി | തുക ₹ | രസീത് നമ്പർ/തീയതി |
|---|---|---|
| മഴക്കാലപൂർവ്വ ശുചീകരണം | 10,000 | 11701050000/27.06.17 |
| ആകെ | 10,000 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് -അപാകതകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൌണ്ട് പ്രകാരം ഡി& ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി-അപാകതകൾ

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് സ്ഥാപന ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കേണ്ടതുമാണ്. സാംഖ്യാ അക്കൗണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാ നായിട്ടില്ല.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സർവീസ് സഹകരണ ബാങ്ക് തുറവൂർ | Ist & IInd |
| 2 | മാവേലി സ്റ്റോർ തുറവൂർ | Ist & IInd |
| 3 | കെ എസ് ഇ ബി തുറവൂർ | Ist & IInd |
| 4 | ബി എസ് എൻ എൽ | Ist & IInd |

ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് സൂക്ഷിയ്ക്കുന്നില്ല. 2017-18വർഷത്തേയ്ക്കുള്ള ഡി& ഒ ലൈസൻസ് അപേക്ഷയോടൊപ്പം പല സ്ഥാപനങ്ങളുടേയും 2016-17വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിരിക്കുന്നതായി കാണുന്നു. ജീവനക്കാരുടെ വരുമാനം കാണിയ്ക്കുന്ന സ്ഥാപന ഉടമയുടെപത്രിക ഇല്ലാതെ ജീവനക്കാരുടെ തൊഴിൽ നികുതി ഇത്തരത്തിൽ ഈടാക്കിയതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പൂർണ്ണമായ ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കി ലിസ്റ്റ്

പ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കേണ്ടതാണ്.

4.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് കിടങ്ങൂർ | Ist & IInd |
| 2 | ബി എസ് എൻ എൽ | Ist & IInd |
| 3 | സെന്റ് ജോർജ് അഡ്വാൻസ്ഡ് ട്രെയിനിങ്ങ് & ട്രേഡ് സെന്റർ | Ist & IInd |

ഈ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക - അപാകതകൾ

1. ഷോപ്പിങ്ങ് കോംപ്ലക്സ് വായ്പ തിരിച്ചടയ്ക്കുന്നതുമായി ബന്ധപ്പെട്ട്, 31-12-2016 വരെയുള്ള വാടകയിനത്തിൽ 169766/- രൂപ റവന്യൂ റിക്കവറി വഴി റവന്യൂ വകുപ്പ് വാടകക്കാരിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. ഈ തുക കുറവ് ചെയ്ത് ബാക്കിയുള്ള ബാധ്യതയായ 1122813/- രൂപ 18.2.217 -ൽ KURDFC-ക്ക് അടവാക്കി ഷോപ്പിങ്ങ് കോംപ്ലക്സിന്റെ കട ബാധ്യത തീർത്തിട്ടുള്ളതായി കാണുന്നു. എന്നാൽ വാടക ഇനത്തിൽ 31-12-2016 വരെ വാടകക്കാരിൽ നിന്ന് ഈടാക്കിയ വാടകയുടെ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ വാടകക്കാരിൽ നിന്ന് ഈ ദിവസം വരെ ലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. 2016-17 വർഷം 185533/- രൂപ വാടക ഇനത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും 2016-17 വർഷത്തെ കുടിശ്ശിക കണക്കാക്കി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 01-01-2017 മുതൽ പഞ്ചായത്ത് വാടക ഈടാക്കി വരുന്നുണ്ട്- പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

| നം | കെട്ടിട നം | വാടകക്കാരന്റെ പേര് | അപാകത |
|---|---|---|---|
| 1 | 14/203 | - | വാടക അടവാക്കിയിട്ടില്ല. |
| 2 | 14/185 | രത്തമ്മ ആന്റണി | വാടക അടവാക്കിയിട്ടില്ല. |
| 3 | 14/193 | എൻ. എസ് വിക്രമൻ. | വാടക അടവാക്കിയിട്ടില്ല. |
| 4 | 14/195 | എൻ. എസ് വിക്രമൻ. | വാടക അടവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 5 | 14/196 | - | വാടക രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| 6 | 14/197 | - | വാടക രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| 7 | 14/207 | ലൈജു പൗലോസ് | വാടക അടവാക്കിയിട്ടില്ല. |
| 8 | 14/208 | സെബാസ്റ്റ്യൻ പി. വി. | വാടക അടവാക്കിയിട്ടില്ല |

വാടക്കാരുടെ കൃത്യമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ ചേർത്ത് വാടക കുടിശ്ശിക കണക്കാക്കി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നടത്തിപ്പിലെ അപാകത - ചെലവ് തുക ₹ 5,50,000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

.

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്റ്റ് നമ്പർ | : | 78/16-17 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | അസി. സെക്രട്ടറി |
| ബിൽ നം. /തീയതി | : | തുക |
| 16/16-17 / 31.3.17 | : | ₹3,25,000/- |
| 06/16-17 / 06.03.17 | | ₹2,00,000/- |
| 12-16-17/ 22.03.2017 | | ₹2,50,000/- |

മേൽ പ്രോജക്റ്റിലുൾപ്പെടുത്തി 12 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ, ധനസഹായത്തിന് അർഹത തെളിയിക്കുന്നതിനായി ഗുണഭോക്താക്കൾ ഹാജരാക്കേണ്ട രേഖകൾ ഹാജരാക്കാതെയാണ് ഇവരിൽ മിക്കവരും ധനസഹായം കൈപ്പറ്റിയിട്ടുള്ളത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കൈപ്പറ്റിയ ആൾ | കൈപ്പറ്റിയ തുക (₹) | പരാമർശം |
|---|---|---|
| ബിജു.ഇ.വി., ഇളംതുരുത്തി | 50000/- | ഇതേ ആനുകൂല്യത്തിന് ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് BDO, SCDO |

| | | |
|---|---|---|
| | | എന്നിവരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. (ഫയലിൽ ഉൾച്ചേർത്തിരിക്കുന്നത് മകന്റെ പേരിലുള്ള സാക്ഷ്യപത്രം ആണ്.)<br>കോഴ്സ് സർട്ടിഫിക്കറ്റ് (വിദ്യാർത്ഥിയാണെന്ന് തെളിവിലേക്കായി) ഇല്ല. |
| വിജി.കെ.കെ. | 50000/- | ഇതേ ആനുകൂല്യത്തിന് ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് BDOയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. (ഫയലിൽ ഉൾച്ചേർത്തിരിക്കുന്നത് മകന്റെ പേരിലുള്ള സാക്ഷ്യപത്രം ആണ്.)<br>റേഷൻകാർഡിന്റെ കോപ്പി ഇല്ല. |
| എം.പി.സുബ്രൻ | 50000/- | ഇതേ ആനുകൂല്യത്തിന് പട്ടികജാതി വകുപ്പിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് SCDO യുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. (ഫയലിൽ ഉൾച്ചേർത്തിരിക്കുന്നത് മകളുടെ പേരിലുള്ള സാക്ഷ്യപത്രം ആണ്.) |
| അജയൻ.സി.വി. | 50000/- | ഇതേ ആനുകൂല്യത്തിന് ബ്ളോക്കിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് BDOയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. (ഫയലിൽ ഉൾച്ചേർത്തിരിക്കുന്നത് മകളുടെ പേരിലുള്ള സാക്ഷ്യപത്രം ആണ്.) |
| രാജു.എം.എം. | 75000/- | ഇതേ ആനുകൂല്യത്തിന് ബ്ളോക്കിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് BDOയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>വസ്തുവിന്റെ കരമടച്ച രസീത്, ഉടമസ്ഥാവകാശ സാക്ഷ്യപത്രം , റേഷൻ കാർഡിന്റെ കോപ്പി എന്നിവയില്ല. |
| കുഞ്ഞപ്പൻ.ഇ.വി. | 75000/- | ഇതേ ആനുകൂല്യത്തിന് ബ്ളോക്കിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് BDOയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിൽ കാലയളവ് രേഖപ്പെടുത്തിയിട്ടുള്ളതിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്.<br>(15-16 എന്നത് 16-17 എന്നാക്കി മാറ്റി). |

| | | |
|---|---|---|
| ബിജു ചാത്തൻ | 50000/- | ഇതേ ആനുകൂല്യത്തിന് ബ്ളോക്കിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് BDOയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| ശാരദ ഉണ്ണികൃഷ്ണൻ | 75000/- | ഇതേ ആനുകൂല്യത്തിന് ബ്ളോക്കിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് BDOയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>16-17 വർഷം കരമടച്ചതിന്റെ രസീതില്ല. |
| ചന്ദ്രമതി വിശ്വനാഥൻ | 75000/- | ഇതേ ആനുകൂല്യത്തിന് ബ്ളോക്കിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് BDOയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| ആകെ | 5,50,000/- | |

അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പാക്കാനാവശ്യമായ രേഖകളുടെ അഭാവത്തിൽ, ചെലവ് തുക ₹ 5,50,000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## **3-2** അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്ത അപേക്ഷകയ്ക്ക് സബ്സിഡി ആനുകൂല്യം നൽകി - ചെലവ് **₹17000/-** തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | കുടിവെള്ള കിണർ നിർമ്മാണം |
| പ്രോജക്റ്റ് നമ്പർ | : | 89/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | അസി. സെക്രട്ടറി |
| ബിൽ നം. /തീയതി | : | 5/16-17/ 20.02.2017 |
| തുക | : | ₹34000/- |

.

മേൽ പ്രോജക്ടിലുൾപ്പെടുത്തി ശ്രീമതി. സിബിത രാജേഷ്, കല്ലുങ്ങപ്പറമ്പിൽ, ആനപ്പാറ എന്നയാൾക്ക് ₹17000/- ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യക്തി സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം ആനുകൂല്യത്തിന് അർഹയാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ (ഭൂമിയുടെ കരമടച്ച രസീത്, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, ഉടമസ്ഥാവകാശ സാക്ഷ്യപത്രം) ലഭ്യമാക്കിയിട്ടില്ല. അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി ഈ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. അവശ്യരേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹17000/- ഓഡിറ്റ്

തടസ്സപ്പെടുത്തുന്നു.

## 3-3 അവശ്യരേഖകൾ ഇല്ലാതെ വീട് മെയിന്റനൻസിന് ധനസഹായം അനുവദിച്ചു - ₹10,086/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | വീട് മെയിന്റനൻസ് (ടി.എസ്.പി.) |
| പ്രോജക്റ്റ് നമ്പർ | : | 90/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം. /തീയതി | : | 14/16-17/ 27.03.2017 |
| തുക | : | ₹10,086/- |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ "വീട് മെയിന്റനൻസ് (ടി.എസ്.പി.)" എന്ന പ്രോജക്റ്റിലുൾപ്പെടുത്തി മിഖായേൽ ഉള്ളാട്ടുകുളം എന്നയാൾക്ക് വീടിന്റെ അറ്റകുറ്റപ്പണിക്കായി മുൻകൂർ ധനസഹായം അനുവദിച്ചു. എന്നാൽ ആനുകൂല്യം നൽകുന്നതിനായി, വീടിന്റെ അറ്റകുറ്റപ്പണിക്കായി എത്ര ചെലവ് വരുമെന്ന് കണക്കാക്കുന്നതിന് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിലായിരിക്കണം ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ഇത്തരത്തിലൊരു എസ്റ്റിമേറ്റ് ഇല്ലാതെയാണ് , ₹10,086/- നൽകിയത്. കൂടാതെ പ്രസ്തുത ഗുണഭോക്താവിന് വീടിന്റെ അറ്റകുറ്റപ്പണിക്കായി ബ്ളോക്കിൽ നിന്നും ധനസഹായം നൽകിയിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകളും ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള അവശ്യരേഖകളില്ലാതെ തന്നെ ഗുണഭോക്താവിന് സാമ്പത്തികാനുകൂല്യങ്ങൾ നൽകിയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത ₹10,086/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ടി.ഡി.എസ് കുറവു ചെയ്തിട്ടില്ല.

തുറവൂർ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രിന്റിംഗ് ജോലികൾക്കായി മഡോണ ഓഫ് സെറ്റ് പ്രിന്റേഴ്സ്, തുറവൂർ എന്ന സ്ഥാപനത്തിന് വൗച്ചർ നമ്പർ 58/02-17 തീയതി 13.02.2017പ്രകാരം 54,240/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി നിയമം 1961,വകുപ്പ് 194(സി)പ്രകാരം 2% നിരക്കിൽ ടി.ഡി.എസ്.ഈടാക്കിയിട്ടില്ല.

| ചെലവ് തുക | കുറവ് ചെയ്യേണ്ട ടി.ഡി.എസ്(2%) |
|---|---|
| 54,240/- | 1085/- |

മേൽ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി

ലഭിച്ചില്ല. ആയതിനാൽ ആദായനികുതി ഇനത്തിൽ ലഭിക്കുവാനുള്ള 1085/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല - ₹1879902 തടസ്സപ്പെട്ടുത്തുന്നു

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ, ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/പ്രോജക്റ്റ് നമ്പർ | തുക | തുക കൈപ്പറ്റിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് വിവരം |
|---|---|---|---|---|
| SSA വിഹിതം അടയ്ക്കൽ S002/17 | ₹2,50,000 | പ്രോജക്റ്റ് ഓഫീസർ | സെക്രട്ടറി | ബിൽനം./തീയതി 16/16-17/11.01.17 |
| കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ SO116/17 | ₹50,000 | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി | ബിൽനം./തീയതി 22/16-17-28.02.17 |
| കുഴൽകിണർ നിർമ്മാണം S0071/17 | ₹34,230 | | | ബിൽനം./തീയതി 13/16-17/21.10.16 |
| വിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റ് സ്ഥാപിക്കൽ S0059/17 | ₹174922 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | | ബിൽനം./തീയതി 23/16-17/28.02.17 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ S0070/17 | ₹921800 | | | ബിൽനം./തീയതി 35/16-17/31.03.17 |
| സ്ട്രീറ്റ് ലൈൻ വലിക്കൽ SO109/17 | ₹193050 | | | ചെക്ക്നമ്പർ 184919/27.3.17 |
| സ്ട്രീറ്റ് ലൈൻ വലിക്കൽ SO126/17 | ₹255900 | | | ബിൽനം./തീയതി 30/16-17/24.03.17 |
| ആകെ | ₹1879902 | | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ, മേൽ പദ്ധതികൾക്കായി ചെലവ് ചെയ്ത

₹1879902 തടസ്സപ്പെടുത്തുന്നു.

## 3-6 മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0075/17 |
| പ്രോജക്ടന്റെ പേര് | ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹോമിയോ മെഡിക്കൽ ഓഫീസർ,തുറവൂർ |
| തുക | 1,00,000/- |
| ബിൽ നമ്പർ | 01/16-17,17.01.2017 |
| ഡി.ഡി.നമ്പർ/തീയതി | 051708/17.01.2017 |

തുറവൂർ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേൻ,പാതിരപ്പിള്ളി,ആലപ്പുഴയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഒരു ലക്ഷം രൂപ നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടി രുന്നെങ്കിലും മറുപടി ലഭിച്ചില്ല. മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-7 ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കമ്പ്യൂട്ടറുകൾ,പ്രിന്ററുകൾ വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0020/17 |
| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്തിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| തുക | 3,85,000 |
| ചെക്ക് നമ്പർ/തീയതി | 884715/06.10.2016 |

തുറവൂർ ഗ്രാമപഞ്ചായത്തിലേക്ക് 2016-17 സാമ്പത്തിക വർഷം 8 ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറുകൾ (ACER), 3 പ്രിന്ററുകൾ (CANON) എന്നിവ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികൾ കൂടാതെ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ/അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം

സ്വീകരിക്കേണ്ടതാണെന്ന് ജി.ഒ(പി)/1/2006/സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ 31.03.2012ലെ ജി.ഒ(ആർ.ടി)നം.1024/12/തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പ്രകാരം കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ ഐ.കെ.എം നിർദ്ദേശമനുസരിച്ച് ഡിജിഎസ്&ഡി റേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് ഉറപ്പു വരുത്താനുള്ള ബാധ്യത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുണ്ട്. എന്നാൽ ഈ പ്രോജക്ട് നടപ്പാക്കിയപ്പോൾ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന് തൃപ്തികരമായ വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി നൽകിയില്ല. സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും അനുസരിച്ച് പ്രോജക്ട് നടപ്പിലാക്കുവാൻ പഞ്ചായത്ത് ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃവിഹിതം കൂടുതൽ ഈടാക്കി

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | പട്ടികജാതിക്കാർക്ക് വാട്ടർ ടാങ്ക് വിതരണം |
| പ്രോജക്റ്റ് നമ്പർ | : | 53/16-17 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | അസി. സെക്രട്ടറി |

75% സബ്സിഡിയോടുകൂടി പട്ടികജാതിക്കാർക്ക് വാട്ടർ ടാങ്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പ്രോജക്റ്റാണിത്. ഇതിന്റെ നടത്തിപ്പിലേക്കായി 100 വാട്ടർ ടാങ്കുകൾ "SELZER POLYMERS" എന്ന സ്ഥാപനത്തിൽ നിന്ന് ടാങ്കൊന്നിന് ₹1450/- നിരക്കിൽ വാങ്ങി വിതരണം നടത്തി. പ്രോജക്റ്റിൽ വിഭാവനം ചെയ്തത് പ്രകാരം 75% സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയാണെങ്കിൽ ഒരു ടാങ്കിന് ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ട തുക , ടാങ്കിന്റെ വിലയുടെ 25% (1450 x 25/100) 362.50 ആണ്. എന്നാൽ ഇവിടെ 100 ഗുണഭോക്താക്കളിൽ നിന്നും ₹ 375/-വീതമാണ് വിഹിതം ഈടാക്കിയിട്ടുള്ളത്. പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ പ്രോജക്റ്റുകൾ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ഈ പ്രോജക്റ്റ് നടത്തിപ്പിൽ അധികമായി ഈടാക്കിയ ഗുണഭോക്തൃ വിഹിതം ₹1250/- (375-362.5 X 100) ക്രമീകരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ലൈബ്രറിയ്ക്ക് വേണ്ടി വാങ്ങിയ ഫർണീച്ചർ-വിതരണം ചെയ്തിട്ടില്ല.

തുറവൂർ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ S0107/17 നമ്പർ പ്രോജക്ട് പ്രകാരം കറുകുറ്റി ഷൈൻ ഇൻഡസ്ട്രീസിൽ നിന്നും 87,462/-രൂപയുടെ ഫർണീച്ചർ ഗ്രാമപഞ്ചായത്ത് ലൈബ്രറിയ്ക്ക് വേണ്ടി വാങ്ങിയിരുന്നു(ഇൻവോയ്സ് നമ്പർ.53/27.03.17). എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും അവ ലൈബ്രറിയ്ക്ക് നൽകിയിട്ടില്ല. പാർട് ടൈം ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നതു മൂലമാണ് അവ വിതരണം ചെയ്യാത്തത് എന്ന് അന്വേഷണത്തിൽ നിന്ന് അറിയാൻ കഴിഞ്ഞു. ലൈബ്രറിയുടെ സുഗമമായ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള 3 അലമാര,3 മേശ,100 കസേര, 10 കൈകസേര എന്നിവ അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രേജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000/- | ഡയറി ഇൻസെന്റീവ് | 1,50,000/- | ഇല്ല |
| | 2,00,000/- | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,00,000/- | ഇല്ല |
| | 5,00,000/- | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | ഇല്ല | 5,00,000/- |
| ജില്ലാ പഞ്ചായത്ത് | 2,00,000/- | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,00,000/- | ഇല്ല |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിലേക്കായി വിവിധ സ്ഥാപനങ്ങളിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | തുക | തുക കൈപ്പറ്റിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് വിവരം | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| SSA വിഹിതം അടയ്ക്കൽ | ₹2,50,000 | പ്രോജക്ട് ഓഫീസർ | സെക്രട്ടറി | ബിൽനം./ തീയതി 16/16-17/ | 250000 | - |

| | | | | | | |
|---|---|---|---|---|---|---|
| 2/17 | | | | 11.01.17 | | |
| കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ SO116/17 | ₹50,000 | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി | ബിൽനം./ തീയതി 22/16-17- 28.02.17 | 50000 | |
| കുഴൽകിണർ നിർമ്മാണം 71/17 | ₹34,230 | | | ബിൽനം./ തീയതി 13/16-17 /21.10.16 | | 34230 |
| വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 59/17 | ₹174922 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | | ബിൽനം./ തീയതി 23/16-17 /28.02.17 | | 174922 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ 70/17 | ₹921800 | | | ബിൽനം./ തീയതി 35/16-17 /31.03.17 | 921800 | - |
| സ്ട്രീറ്റ് ലൈൻ മെയിന്റനൻസ് 84/17 | ₹175796 | | | ചെക്ക് നമ്പർ 184909/ | | |
| | ₹204405 | | | ചെക്ക് നമ്പർ 184908/ | 204405 | - |
| സ്ട്രീറ്റ് ലൈൻ വലിക്കൽ 109/17 | ₹193050 | | | ചെക്ക് നമ്പർ 184919/ 27.3.17 | - | 193050 |
| സ്ട്രീറ്റ് ലൈൻ വലിക്കൽ 126/17 | ₹255900 | | | ബിൽനം./ തീയതി 30/16-17 /24.03.17 | - | 255900 |
| ആകെ | ₹2260103 | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

| വായ്പയുടെ | ഉത്തരവ് | പിൻവലിച്ച | വർഷാ | തൻവർഷം | വർഷാ |
|---|---|---|---|---|---|

| പേര്/ഉദ്ദേശ്യം /അനുവദിച്ച വായ്പ തുക | നമ്പർ/ തിയ്യതി/ | വായ്പ തുക | രംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തിരിച്ചടച്ച തുക | വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| EMSവായ്പ - ഭവന നിർമ്മാണം 10095000/- | സ.ഉ.(സാ)നം. 480/10/13/ ത.സ്വ.ഭ.വ തീയതി 11.02.2010 | 100766500/- | 2275370 | 308679 | 1966691 |
| KURDFC വായ്പ – ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | വിവരങ്ങൾ ലഭ്യമല്ല | | 1122813 | 1122813 | - |

.

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41812406 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33657820 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1085 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2456988 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | | |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,50,000 | ശ്രീ എ വി ഷാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 17000.00 | |
| 3-3 | 10086.00 | |
| 3-5 | 1879902 | ശ്രീമതി മാലതി കെ. വി, സെക്രട്ടറി |
| ആകെ | 2456988 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 3-4 | 1085 | ശ്രീമതി മാലതി കെ വി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മാലതി കെ. വി, സെക്രട്ടറി | സെക്രട്ടറി, തുറവൂർ ഗ്രാമപഞ്ചായത്ത് | തെക്കേകണ്ടത്തിൽ വീട്, ബി.ടി.എസ് റോഡ്, ഇടപ്പള്ളി,എറണാകുളം |
| ശ്രീ എ വി ഷാജൻ | അസിസ്റ്റന്റ് സെക്രട്ടറി,തുറവൂർ ഗ്രാമപഞ്ചായത്ത് | ആത്തപ്പിള്ളി വീട്, വെള്ളാരപ്പിള്ളി പി ഒ പുതിയേടം,എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1979-80 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1980-81 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1981-82 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1982-83 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1983-84 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1984-85 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1985-86 | എൽ.എഫ്.ഇ(പി-5)1327/1989//തീയ്യതി19/9/1989 |
| 1986-87 | എൽ.എഫ്.ഇ(പി-5)1327/1989//തീയതി19/9/1989 |
| 1987-88 | എൽ.എഫ്.ഇ(പി-5)178/1992/തീയതി14/1/1992 |
| 1988-89 | എൽ.എഫ്.ഇ(പി-5)2757/1992/തീയതി5/2/1994 |
| 1989-90 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി4/1/1994 |
| 1990-91 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി4/1/1994 |
| 1992-93 | എൽ.എഫ്.ഇ(പി-5)695/1995/തീയതി16/2/1998 |
| 1993-94 | എൽ.എഫ്.ഇ(പി-5)695/1995/തീയതി16/2/1998 |
| 1996-97 | എൽ.എഫ്.ഇ(പി-4)720/2008/തീയതി3/3/1999 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി-4)1220/2001/തീയതി15/5/2002 |
| 1998-99 | എൽ.എഫ്.ഇ(പി-4)384/03/തീയതി21/8/2003 |
| 1999-2000 | എൽ.എഫ്.ഇ(പി-4)1673/03/തീയതി1/7/2004 |
| 2000-01 | എൽ.എഫ്.ഇ(പി-4)1297/04/തീയതി18/4/2005 |
| 2001-02വരവ് | എൽ.എഫ്.ഇ(പി-4)1298/04/തീയതി11/4/2005 |
| 2001-02 പദ്ധതിചെലവ് | എൽ.എഫ്.ഇ(പി-4)502/04/തീയതി4/6/2004 |
| 2002-03 | എൽ.എഫ്.ഇ(പി-4)1299/04/തീയതി11/4/2005 |
| 2003-04 | എൽ.എഫ്.ഇ(പി-4)1675/08/തീയതി30/5/2009 |
| 2004-05 | എൽ.എഫ്.ഇ(പി-4)201/07/തീയതി13/3/2007 |
| 2005-06 | എൽ.എഫ്.ഇ(പി-4)1676/06/തീയതി30/5/2009 |
| 2006-07 | എൽ.എഫ്.ഇ(പി-4)1676/08/തീയതി30/5/2009 |
| 2007-08 | എൽ.എഫ്.ഇ(പി-4)1078/09/തീയതി24/11/2009 |
| 2008-09 | എൽ.എഫ്.ഇ(പി-4)842/12/തീയതി19/7/2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)843/12/തീയതി19/7/2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)844/12/തീയതി19/7/2012 |
| 2011-12 &2012-13 | എൽ.എഫ്.ഇ(പി-4)1012/14/തീയതി27/8/2014 |
| 2013-14& 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4എ)13/2016തീയതി.21 /1/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.4)2144/2016തീയതി.08 /02/2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി4)1246/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :21.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ

അഭിപ്രായത്തിൽ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

APPENDIX – I

AUDIT CERTIFICATE

No.K.S.A.-EKM(P4)1246/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 21.07.2017

Certified that I have audited the Annual Financial Statement of Thuravoor Grama panchayath in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thuravoor Grama panchayath for the

year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Sec/Bcx